# പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി X

# (SUBJECT COMMITTEE X)

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

## (FOREST, ENVIRONMENT AND TOURISM)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**
**അഞ്ചാമത് റിപ്പോർട്ട്**
(2025-2026)

FIFTH REPORT ON THE SCRUTINY OF
DEMANDS FOR GRANTS
(2025-2026)

**2025 മാർച്ച് 3-ാം തീയതി സമർപ്പിച്ചത്**
**(Presented on 3rd March, 2025)**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2025

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി X

# (SUBJECT COMMITTEE X)

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

## (FOREST, ENVIRONMENT AND TOURISM)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

## (2025 -2026)

**FIFTH REPORT ON THE SCRUTINY OF DEMANDS FOR GRANTS**

**(2025-2026)**

300/2025.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി X

# വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

# (2023-2026)

**ഘടന**

<u>ചെയർപേഴ്സൺ:</u>

ശ്രീ. എ. കെ. ശശീന്ദ്രൻ,
വനം-വന്യജീവി വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം:</u>

ശ്രീ. പി. എ. മുഹമ്മദ് റിയാസ്,
പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u>:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. കെ. യു. ജനീഷ് കുമാർ

ശ്രീ. എം. മുകേഷ്

ശ്രീ. നജീബ് കാന്തപുരം

ശ്രീ. എ. രാജ

ശ്രീ. സണ്ണി ജോസഫ്

ശ്രീ. പി. എസ്. സുപാൽ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. സെൽവരാജൻ പി.എസ്., ജോയിന്റ് സെക്രട്ടറി

ശ്രീ. ജോമി. കെ. ജോസഫ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി സുനിത സി., അണ്ടർ സെക്രട്ടറി.

# അവതാരിക

2025-2026 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമിതിയുടെ ചെയർപേഴ്സണായ ഞാൻ സമർപ്പിക്കുന്നു.

സമിതി, 18-2-2025, 21-2-2025 എന്നീ തീയതികളിൽ യോഗം ചേർന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശ രേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു.

| | |
|---|---|
| ധനാഭ്യർത്ഥന നമ്പർ XVII | — വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം മേജർ ഹെഡ് -3435 എക്കോളജിയും എൻവയോൺമെന്റും |
| ധനാഭ്യർത്ഥന നമ്പർ XX | — ശുദ്ധജല വിതരണവും ശുചീകരണവും |
| ധനാഭ്യർത്ഥന നമ്പർ XXXIV | — വനം, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് |
| ധനാഭ്യർത്ഥന നമ്പർ XLII | — വിനോദസഞ്ചാരം |

മേല്പറഞ്ഞ ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട് വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിഗണിക്കുകയും യോഗങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിവരങ്ങൾ ആരായുകയും ചെയ്തു.

പ്രസ്തുത വിവരങ്ങൾ പരിശോധനാവിധേയമാക്കിയതിന്റെ അടിസ്ഥാനത്തിൽ ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2025 ഫെബ്രുവരി 27-ാം തീയതി കൂടിയ യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

**എ. കെ. ശശീന്ദ്രൻ,**
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി X.*

തിരുവനന്തപുരം,
2025 മാർച്ച് 3.

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ XXXIV—വനം

വോട്ട് ചെയ്തത് - 918,92,90,000 രൂപ

ചാർജ് ചെയ്തത് - 3,02,000 രൂപ

### പ്ലാൻ

2406-01-003-97 —മാനവശേഷി വികസനം

ബഡ്ജറ്റ് വിഹിതം : 3.5 കോടി രൂപ

1. മനുഷ്യവിഭവശേഷി വർദ്ധനവിലൂടെയും മതിയായ പരിശീലനത്തിലൂടെയും വനം വകുപ്പിന്റെ ശാക്തീകരണമാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഉദ്യോഗസ്ഥർക്കും, സന്നദ്ധ സംഘടനകൾക്കും മറ്റ് വികസന ഏജൻസികൾക്കുമുള്ള ബോധവൽക്കരണ പരിപാടികൾ, കപ്പാസിറ്റി ബിൽഡിംഗ് എന്നിവയ്ക്കായി നടപ്പുവർഷം അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 3.46 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2406-01-101-94 —നശിക്കപ്പെട്ട വനങ്ങളുടെ പുനരുദ്ധാരണം

ബഡ്ജറ്റ് വിഹിതം - 2.25 കോടി രൂപ

2. നാശം സംഭവിച്ച വനങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും ചോലവനങ്ങൾ കണ്ടൽക്കാടുകൾ, പ്രത്യേക പരിസ്ഥിതി വ്യവസ്ഥകൾ എന്നിവയുടെ സംരക്ഷണത്തിനുമായി നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2406-01-101-78—സാമൂഹിക വന വിപുലീകരണവും കാർഷിക വനവൽക്കരണവും

(01) - വനവിപുലീകരണം

ബഡ്ജറ്റ് വിഹിതം : 6 കോടി രൂപ

3. സാമൂഹിക വന വിപുലീകരണത്തിന്റെ ഭാഗമായുള്ള തൈ ഉൽപ്പാദനം, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്, ഇൻസെന്റിവൈസേഷൻ ഓഫ് പ്രൈവറ്റ് ഫോറസ്ട്രി, വിദ്യാവനം, നഗര വനം, ഫോറസ്ട്രി ക്ലബ്ബ്, വൃക്ഷം വളർത്തൽ പ്രോത്സാഹന ധനസഹായ പദ്ധതി, വഴിയോര തണൽ, തീരവനം, ബയോഡൈവേഴ്സിറ്റി കൺസർവേഷൻ പ്രവർത്തനങ്ങൾ, ബയോഡൈവേഴ്സിറ്റി പാർക്ക്, ബട്ടർഫ്ലൈഗാർഡൻ, തീരദേശ പുനഃസ്ഥാപനപരിപാടി, ഓഷധത്തോട്ടം, ബാംബൂസെറ്റം, അർബൻ ഫോറസ്ട്രി എന്നിവയ്ക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 9 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2406-01-101-76—പരിസ്ഥിതി പുനഃസ്ഥാപനം

ബഡ്ജറ്റ് വിഹിതം : 31 ലക്ഷം രൂപ

4. വന്യജീവികളുടെ ആവാസവ്യവസ്ഥ പുഷ്ടിപ്പെടുത്തൽ, അധിനിവേശ സസ്യവർഗ്ഗങ്ങളുടെ ഉന്മൂലനം, കാട്ടുതീ, മണ്ണൊലിപ്പ് തടയൽ, പ്രസക്തമായ ആവാസവ്യവസ്ഥകളുടെ സംരക്ഷണം എന്നിവയ്ക്കായി വകയിരിത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 9.69 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2406-01-800-57—ഫോറസ്റ്റ് മാനേജ്മെന്റ് വിവര സമ്പ്രദായവും ജിയോഗ്രാഫിക്കൽ വിവര സമ്പ്രദായവും

ബഡ്ജറ്റ് വിഹിതം : 1.5 കോടി രൂപ

5. വനം വകുപ്പിന്റെ സേവനങ്ങളിലും കണക്കിവിറ്റിയിലും ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ ഉപയോഗം വർദ്ധിപ്പിക്കുന്ന പ്രവൃത്തികൾക്കായി നടപ്പുവർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2406-02-110-68—ജൈവവൈവിധ്യ സംരക്ഷണം

34- മറ്റു ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 5.97 കോടി രൂപ

6. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വൃക്ഷ സസ്യാദികളുടെയും ജന്തുജാലങ്ങളുടെയും സംരക്ഷണം, കാട്ടുതീ സംരക്ഷണ പദ്ധതികൾ, പരിസ്ഥിതി വികസന പ്രവൃത്തികൾ, വന്യമൃഗങ്ങൾ ധന്യവിളകൾ നശിപ്പിക്കുന്നത് തടയൽ എന്നിവ ജൈവവൈവിധ്യ സംരക്ഷണത്തിന്റെ സുപ്രധാന പദ്ധതികളാണ്. നേച്ചർ അവെയർനെസ് ക്യാമ്പ്, വൈൽഡ് ലൈഫ് വീക്ക് ആചരണം, കോൺഫറൻസ്, സെമിനാർ, കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവയുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2.03 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2406-02-110-48—പുത്തൂർ സുവോളജിക്കൽ പാർക്ക്, വന്യജീവി സംരക്ഷണ കേന്ദ്രം

ബഡ്ജറ്റ് വിഹിതം : 6 കോടി രൂപ

7. മൃഗങ്ങളുടെ പരിപാലനത്തിനും ഓഫീസ് ചെലവുകൾക്കും അറ്റകുറ്റപ്പണികൾക്കും ഹെർബീവോർ സഫാരിക്കായും വകയിരിത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 7.0550904 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2406-02-110-29—കോട്ടൂരിലെ കാപ്പുകാട് ആന പുനരധിവാസ കേന്ദ്രം

ബഡ്ജറ്റ് വിഹിതം : 2 കോടി രൂപ

8. തിരുവനന്തപുരത്തെ കോട്ടൂരിൽ ലോകോത്തര നിലവാരത്തിൽ ഉള്ള ആന പുനരധിവാസ കേന്ദ്രത്തിലെ അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് നീക്കിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 7.026535 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4406-01-105-87—തോട്ടങ്ങളുടെ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കൽ

(01) - വന്മരത്തോട്ടങ്ങൾ

ബഡ്ജറ്റ് വിഹിതം : 5 കോടി രൂപ

9. വൻമരതോട്ടങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക, തോട്ടങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കുക, നശിച്ചുപോയ തോട്ടങ്ങളെ പുനരുജ്ജീവിപ്പിച്ച് സ്വാഭാവിക വനങ്ങളാക്കി മാറ്റുക എന്നീ പ്രവർത്തികൾക്ക് നിലവിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1.02 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**നോൺ പ്ലാൻ**

2406-01-105-99—സർക്കാർ ഏജൻസി വഴി വനങ്ങളിൽ നിന്നും തടിയും മറ്റുൽപ്പന്നങ്ങളും സംഭരിക്കുന്നതിന്

ബഡ്ജറ്റ് വിഹിതം : 30 കോടി രൂപ

10. പ്രായമെത്തിയ തേക്ക്, വെള്ളമരം എന്നിവ തോട്ടങ്ങളിൽ നിന്ന് മുറിച്ച് തടിയും വിറകും ശേഖരിക്കുക, വനത്തിനുള്ളിലെ, കാറ്റത്ത് പിഴുത് വീഴുന്നതും ഉണങ്ങി നിൽക്കുന്നതുമായ മരങ്ങൾ മുറിച്ച് തടി ശേഖരിക്കുക തുടങ്ങിയ പ്രവൃത്തികളിലൂടെ സർക്കാരിലേയ്ക്കുള്ള മുഖ്യവരുമാന സ്രോതസ്സായ ഈ പദ്ധതിയിൽ നിലവിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം തീരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 8.4829 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പൊതുശിപാർശ**

**11. വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശത്തിന് നൽകുന്ന നഷ്ടപരിഹാരത്തുക അപര്യാപ്തമാണ്. ടി തുക അവസാനമായി പുതുക്കി നിശ്ചയിച്ചത് 2018-ലാണ്. ആയതിനാൽ വന്യജീവി ആക്രമണം മൂലം കൃഷിനാശത്തിന് നൽകുന്ന നഷ്ടപരിഹാരത്തുക പുതുക്കി നിശ്ചയിക്കണമെന്നും വന്യജിവി ആക്രമണം മൂലം അപകടത്തിൽപ്പെടുന്നവർക്ക് ആവശ്യമായി വരുന്ന ചികിത്സാ ചെലവുകളുടെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിക്കണമെന്നും മരണം സംഭവിക്കുന്ന സാഹചര്യത്തിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് അനുവദിക്കുന്ന അടിയന്തര ധനസഹായത്തിന് പുറമെ വനം വകുപ്പ് നിലവിൽ നൽകികൊണ്ടിരിക്കുന്ന നഷ്ടപരിഹാരത്തുക 6 ലക്ഷത്തിൽ നിന്നും 10 ലക്ഷമായി വർദ്ധിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

**12. പുനരധിവാസ പദ്ധതി ആരംഭിച്ച് അഞ്ച് വർഷമായെങ്കിലും പല വനമേഖലകളിലും വനത്തോട് ചേർന്ന് കിടക്കുന്ന ഭൂമി വകുപ്പ് ഏറ്റെടുക്കുന്നതിന് പകരം വിദൂര സ്ഥലങ്ങളിലെ ഭൂമി ഏറ്റെടുക്കുന്ന സ്ഥിതിയാണുള്ളത്. ഇത് വനാതിർത്തി**

**പ്രദേശത്ത് താമസിക്കുന്നവർക്ക് സുരക്ഷിതമല്ലാത്ത സാഹചര്യം സൃഷ്ടിക്കുകയാണ്. ഈ സാഹചര്യത്തിൽ പുനരധിവാസപദ്ധതിയിൽ ഉൾപ്പെട്ടവരിൽ ആദ്യ ഗഡു ലഭിച്ചവർക്ക് മുൻഗണന നൽകി പ്രസ്തുത പുനരധിവാസ പ്രവർത്തികൾ അടിയന്തരമായി പൂർത്തീകരിക്കണമെന്നും പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് തീർപ്പാക്കാൻ അവശേഷിക്കുന്ന അപേക്ഷകൾ അടിയന്തര പ്രാധാന്യം നൽകി തീർപ്പാക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

**13. മനുഷ്യജീവനും കൃഷിക്കും വെല്ലുവിളി ഉയർത്തുന്ന കാട്ടുപന്നി, കുരങ്ങ് എന്നിവയെ 1972-ലെ വന്യജീവി സംരക്ഷണ നിയമത്തിലെ ബന്ധപ്പെട്ട ഷെഡ്യൂളിൽ നിന്നും ഒഴിവാക്കണമെന്നും ക്ഷുദ്രജീവികളായി പ്രഖ്യാപിക്കണമെന്നുമുള്ള സംസ്ഥാനത്തിന്റെ ആവശ്യം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം നിരാകരിച്ച സാഹചര്യത്തിൽ കാട്ടുപന്നി, കുരങ്ങ് എന്നിവയെ പ്രസ്തുത നിയമത്തിലെ സെക്ഷൻ 62 അനുസരിച്ച് ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിന് ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു**

**14. വന്യജീവി ആക്രമണം പ്രതിരോധിക്കുന്നതിനും മുൻകരുതൽ നടപടികൾ ഫലപ്രദമായി സ്വീകരിക്കുന്നതിനുമായി മലയോരമേഖലകൾ ഉൾക്കൊള്ളുന്ന നിയോജക മണ്ഡലങ്ങളിലെ ജനപ്രതിനിധികളെ അദ്ധ്യക്ഷൻമാരും സി.സി.എഫ്./ ഡി.എഫ്.ഒ.-യെ കൺവീനറുമാക്കി തദ്ദേശസ്വയംഭരണ ജനപ്രതിനിധികൾ, തദ്ദേശസ്വയംഭരണ വകുപ്പിലെ ഉദ്യോഗസ്ഥർ, റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർ, ഊരുകൂട്ടം പ്രതിനിധികൾ എന്നിവരെ കൂടി ഉൾപ്പെടുത്തി ജനപങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് ഒരു സ്ഥിരം സമിതി രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ധനാഭ്യർത്ഥന നമ്പർ —XVII

വോട്ട് ചെയ്തത് - 266,39,16,12,000 രൂപ

ചാർജ് ചെയ്തത് - 30,00,000 രൂപ

**പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ്**

**പ്ലാൻ**

3435-03-102-87—കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി

ബഡ്ജറ്റ് വിഹിതം : 1.20 കോടി രൂപ

15. കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയ്ക്ക് അനുവദിച്ച തുക മുൻ വർഷത്തെ അപേക്ഷിച്ച് കുറവായതിനാൽ ഈ ശീർഷകത്തിൽ 94 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3435-04-104-99—പാരിസ്ഥിതിക ആഘാതം വിലയിരുത്തൽ

ബഡ്ജറ്റ് വിഹിതം : 1.6 കോടി രൂപ (പ്ലാൻ)

16. പുതിയ നിയമനങ്ങളുടെ വേതനം, SEIAA/SEAC ചെയർമാന്മാരുടെ ഓണറേറിയം, സിറ്റിംഗ് ഫീസ്, യാത്രാബത്ത, Standing Counsel-മാർക്ക് നൽകേണ്ട പ്രതിഫലം എന്നിവയ്ക്ക് വകയിരിത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2.25 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ —XVII

## കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

**പ്ലാൻ**

3435-04-188-99—കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

ബഡ്ജറ്റ് വിഹിതം : 3 കോടി രൂപ

17. കേരളത്തിലെ തീരപ്രദേശ ശുചീകരണവുമായി ബന്ധപ്പെട്ട് സംസ്ഥാന ഓയിൽ സ്പിൽ കണ്ടിജൻസി പ്ലാൻ വികസിപ്പിക്കുന്നതിനായും ജല-വായു ശബ്ദ മലിനീകരണം കുറയ്ക്കുക, ജലത്തിന്റെ ശരിയായ ഉപയോഗവും സംരക്ഷണവും, ഖരമാലിന്യം കൈകാര്യം ചെയ്യുന്ന രീതികൾ, പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ പുനരുപയോഗവും, സംസ്കരണവും എന്നിവയെക്കുറിച്ചുള്ള അറിവ് പൊതുജനങ്ങളിലേയ്ക്കെത്തിക്കുന്നതിനായും ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. 3.03 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ—XXXIV

## കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

**നോൺ പ്ലാൻ**

2406-02-188-99-31—കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

സഹായധനം- ശമ്പളം

ബഡ്ജറ്റ് വിഹിതം : 1.25 കോടി രൂപ

18. ഡെപ്യൂട്ടേഷൻ ജീവനക്കാരുടെ ശമ്പള ചെലവുകൾക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 87.34908 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XLII—വിനോദസഞ്ചാരം

വോട്ട് ചെയ്തത് - 4,59,02,06,000 രൂപ.

ചാർജ് ചെയ്തത് - Nil

**പ്ലാൻ**

3452-01-102-95 —പരിസ്ഥിതി ടൂറിസം ഉല്പന്നങ്ങളുടെ വികസനം

ബഡ്ജറ്റ് വിഹിതം : 1.9 കോടി രൂപ

19. ഇക്കോടൂറിസം വകുപ്പ് ഏറ്റെടുത്തിട്ടുള്ള പദ്ധതികളും തെന്മല ഇക്കോടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ പദ്ധതികളും നടപ്പിലാക്കുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. 15 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3452-80-104-99—പരിസ്ഥിതി സംസ്കാരം, പൈതൃകം എന്നിവയുടെ പരിപാലനവും സംരക്ഷണവും

ബഡ്ജറ്റ് വിഹിതം : 26.6 കോടി രൂപ

20. വിദേശ-തദ്ദേശീയ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനായി വിവിധ സാംസ്കാരികോത്സവങ്ങളും വിവിധങ്ങളായ അഡ്വഞ്ചർ ആക്ടിവിറ്റീസുകളും നടത്തുന്നതിലേക്കായുള്ള ധനസഹായം വിതരണം ചെയ്യുന്നതിലേക്കായി ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3452-80-104-98—വിപണനം

34 (03) മറ്റ് ചെലവുകൾ - മറ്റിനം

ബഡ്ജറ്റ് വിഹിതം : 80 കോടി രൂപ

21. തദ്ദേശ വിദേശ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള വിവിധ രാഷ്ട്ര-അന്താരാഷ്ട്ര തലത്തിലുള്ള വിപണന ക്യാമ്പയിൻ നടത്തുന്നതിനും പുതിയ മാർക്കറ്റുകൾ കണ്ടെത്തി വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനുമുള്ള ക്യാമ്പയിൻ നടത്തുന്നതിനുമായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. 20 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3452-80-104-91—ജില്ലാ വിനോദസഞ്ചാര പ്രോത്സാഹന കൗൺസിലുകളും സന്ദർശക പ്രോത്സാഹന ബ്യൂറോകളും (ഡി.റ്റി.പി.സി)

ബഡ്ജറ്റ് വിഹിതം : 2.5 കോടി രൂപ

22. ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക മുൻവർഷത്തേക്കാൾ പരിമിതമായതിനാൽ 2.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3452-80-800-20—ലീഗ് അടിസ്ഥാനത്തിലുള്ള ബോട്ട് മത്സരം

ബഡ്ജറ്റ് വിഹിതം : 8.96 കോടി രൂപ

23. കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് ഈ സാമ്പത്തിക വർഷം ബഡ്ജറ്റ് ശീർഷകത്തിൽ അനുദിച്ചിട്ടുള്ള തുക പരിമിതമാണ്. മുൻ വർഷങ്ങളിലെ സ്പിൽ ഓവർ ബില്ലുകൾ കൂടി അനുവദിക്കുന്നതിന് ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 6.04 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5452-01-101-99—അടിസ്ഥാന സൗകര്യങ്ങളുടെയും മറ്റു സൗകര്യങ്ങളുടെയും വികസനവും നിലവാരം ഉയർത്തലും

34(3)- മറ്റ് ചെലവുകൾ - മറ്റിനം

ബഡ്ജറ്റ് വിഹിതം : 149 കോടി രൂപ

24. സംസ്ഥാനത്തുടനീളമുള്ള പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പശ്ചാത്തല സൗകര്യം ഒരുക്കുന്നതിനും, നിലവാരം മെച്ചപ്പെടുത്തുന്നതിനും, വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 56 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5452-01-101-86—അതിഥി മന്ദിരങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെയും മറ്റു സൗകര്യങ്ങളുടെയും വികസനവും നിലവാരം ഉയർത്തലും

ബഡ്ജറ്റ് വിഹിതം : 30 കോടി രൂപ

25. ടൂറിസം വകുപ്പിന് കീഴിലുള്ള വിവിധ ഗസ്റ്റ് ഹൗസിലെ പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനും വിവിധ യാത്രി നിവാസിലെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുന്നതിനും അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 10 കോടി രൂപ

അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5452-01-190-99—കേരള വിനോദസഞ്ചാര വികസന കോർപ്പറേഷൻ

ബഡ്ജറ്റ് വിഹിതം : 13 കോടി രൂപ

26. നിലവിലെ പദ്ധതികൾ പൂർത്തിയാക്കുന്നതിനും പുതിയ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കും പ്രസ്തുത തുക പരിമിതമായതിനാൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5452-01-190-98—ടൂറിസം ഇൻഫ്രാസ്ട്രക്ചർ ക്ലിപ്തം (കേരള)

ബഡ്ജറ്റ് വിഹിതം : 1.2 കോടി രൂപ

27. ഈ സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക നിലവിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ പൂർണ്ണതയിൽ എത്തിക്കുവാൻ പര്യാപ്തമല്ലാത്തതിനാൽ 35 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5452-01-800-84—മുസിരിസ്-സ്പൈസ് റൂട്ട് പൈതൃക പദ്ധതി

ബഡ്ജറ്റ് വിഹിതം : 14 കോടി രൂപ

28. തലശ്ശേരി പൈതൃക പദ്ധതി, മുസിരിസ് പൈതൃക പദ്ധതി, ആലപ്പുഴ പൈതൃക പദ്ധതി, തിരുവിതാംകൂർ പൈതൃക പദ്ധതി എന്നീ പ്രവർത്തികൾക്ക് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 4.4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**നോൺ പ്ലാൻ**

3452-01-103-99—ഗതാഗതം

ബഡ്ജറ്റ് വിഹിതം : നോൺ പ്ലാൻ

21(2)- മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും : 1.2 കോടി രൂപ

45 – പി.ഒ.എൽ : 2.1945 കോടി രൂപ

29. ടൂറിസം വകുപ്പിന് കീഴിൽ വി.ഐ.പി.-കൾ, വി.വി.ഐ.പി.-കൾ എന്നിവർക്കുള്ള വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും, വാഹനങ്ങളുടെ ഇൻഷുറൻസ് തുക പുതുക്കുന്നതിനും അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ താഴെ കാണിച്ചിരിക്കുന്ന ശീർഷകങ്ങൾക്കു നേരേ കാണിച്ചിട്ടുള്ള തുക അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3452-01-103-99-21(2)-മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും - 50 ലക്ഷം രൂപ

3452-01-103-99-45 -പി.ഒ.എൽ - 85 ലക്ഷം രൂപ

3452-80-001-96 —ജില്ലാ ഓഫീസുകൾ

06 - വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : 1 ലക്ഷം രൂപ

30. ജില്ലാ ഓഫീസുകളുടെ കരം ഒടുക്കാനുള്ള കെട്ടിട നികുതിയിനത്തിലെ ചെലവുകൾക്കായി ഈ വർഷം അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3452-80-001-95 —ഗസ്റ്റ് ഹൗസുകളും യാത്രീനിവാസുകളും ടൂറിസ്റ്റ് ലോഡ്ജുകളും

05(4)-ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ

ബഡ്ജറ്റ് വിഹിതം : 60.15 ലക്ഷം രൂപ

31. സർക്കാർ ഗസ്റ്റ് ഹൗസുകളുടെയും യാത്രീനിവാസുകളുടെയും പെറ്റി ചെലവുകളും, ലോൺട്രി ചെലവുകൾക്കുമായി ഈ വർഷം അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 25 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3452-80-001-95 —ഗസ്റ്റ് ഹൗസുകളും യാത്രീനിവാസുകളും ടൂറിസ്റ്റ് ലോഡ്ജുകളും

06 - വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : 12 ലക്ഷം രൂപ

32. ഒരു വർഷത്തേക്ക് വിവിധ അതിഥി മന്ദിരങ്ങളും യാത്രീനിവാസുകളിലേയ്ക്കും കെട്ടിട നികുതി ഇനത്തിൽ ഈ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 18 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3452-80-800-22-വി.വി.ഐ.പി. സന്ദർശനവുമായി ബന്ധപ്പെട്ട ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ

33. വി.വി.ഐ.പി.-കളുടെ സംസ്ഥാന സന്ദർശനത്തോടനുബന്ധിച്ച ചെലവുകൾ സംബന്ധിച്ച ബില്ലുകൾ കൊടുത്തു തീർക്കാനായി നിലവിൽ വകയിരിത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**എ. കെ. ശശീന്ദ്രൻ,**
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി X.*

തിരുവനന്തപുരം,
2025 ഫെബ്രുവരി 27.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.